**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം ശാസ്താംകോട്ട ഡോ.സി.റ്റി.ഈപ്പൻ മെമ്മോറിയൽ റസിഡൻഷ്യൽ എച്ച്.എസ്.എസ്.ന്റെ മാനേജരും എച്ച്.എസ്.റ്റി. (മലയാളം) ഫാദർ. ബിജു വർഗ്ഗീസും ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.39357/2023-ന്റെ 27.11.2023-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.4344/2024/GEDN തീയതി,തിരുവനന്തപുരം, 11-07-2024**

---

പരാമർശം:-

1. കൊല്ലം ശാസ്താംകോട്ട ഡോ.സി.റ്റി.ഈപ്പൻ മെമ്മോറിയൽ റസിഡൻഷ്യൽ എച്ച്.എസ്.എസ്. മാനേജരുടെ 16.11.2023-ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി3)
2. WP(C)No.39357/2023-ന്റെ 27.11.2023-ലെ വിധിന്യായം
3. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20.02.2024-ലെ DEOKTR/3145/2023-B6(1) നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.02.2024-ലെ ഇറ്റി1/3385/2024/ഡിജിഇ നമ്പർ കത്ത്
5. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 28.02.2024-ലെ ബി4/1274/2024 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ശാസ്താംകോട്ട ഡോ.സി.റ്റി.ഈപ്പൻ മെമ്മോറിയൽ റസിഡൻഷ്യൽ എച്ച്.എസ്.എസ്.ന്റെ മാനേജരും എച്ച്.എസ്.റ്റി.(മലയാളം) ഫാദർ.ബിജു വർഗ്ഗീസും ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.39357/2023-ന്റെ 27.11.2023-ലെ വിധിന്യായത്തിൽ, ഹർജിക്കാരെ കേൾക്കുന്നതിനും, EXT P1 (Govt. Lletter No.J3/182/2017/GEDN dated 05.03.2018) കൂടി കണക്കിലെടുത്ത്, EXT P3(Revision Petition dated 16.11.2023) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട കക്ഷികളെ 29.02.2024 തീയതിയിൽ google meet

മുഖേന കേൾക്കുകയുണ്ടായി.

2) **ഹർജിക്കാരായ മാനേജരും ഫാദർ. ബിജു വർഗ്ഗീസും ഇപ്രകാരം അപേക്ഷിച്ചിരിക്കുന്നു:**

"ഒന്നാം ഹർജി കക്ഷിയായ കൊല്ലം ജില്ലയിലെ കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽ ശാസ്താംകോട്ട മുതുപിലാക്കാട് പ്രവർത്തിക്കുന്ന ഡോക്ടർ.സി.ടി.ഈപ്പൻ മെമ്മോറിയൽ റസിഡൻഷ്യൽ ഹയർ സെക്കൻഡറി സ്കൂൾ മാനേജർ 01/07/2015 മുതൽ എച്ച്.എസ്.ടി.(മലയാളം) അധ്യാപികയായ ശ്രീമതി.ലിബി ജി.ലാൽ ദീർഘകാലം അവധിയെടുത്ത് വിദേശത്ത് പോയത് മൂലം ഉണ്ടായ ദീർഘകാല അവധി ഒഴിവിൽ രണ്ടാം ഹർജി കക്ഷിയായ ഫാദർ.ബിജു വർഗീസിനെ 01/07/2015 മുതൽ 30/06/2020 വരെ നിയമിക്കുകയും പ്രസ്തുത നിയമനം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ 31/03/2020 AN വരെ പരിമിതപ്പെടുത്തി അംഗീകരിക്കുകയും ഉണ്ടായി. പ്രസ്തുത പരിമിതപ്പെടുത്തൽ അഞ്ചു വർഷത്തെ ദീർഘകാല അവധി ഒഴിവിൽ നിയമിതനായ രണ്ടാം ഹർജി കക്ഷി ഫാദർ.ബിജു വർഗീസിന് ബാധകമല്ലായെന്നും 30/06/2020 AN വരെ തന്റെ നിയമനം അംഗീകരിക്കണമെന്നും സർക്കാർ കത്ത് നമ്പർ. J3/182/2017/GEdn തീയതി 05/03/2018 പ്രകാരം എട്ടു മാസത്തിൽ കൂടുതൽ ഒരു അധ്യയന വർഷം അംഗീകൃത സർവീസ് ഉള്ള ഒരു അധ്യാപകനും അവധിക്കാല ശമ്പളം നിഷേധിക്കരുത് എന്നും വ്യക്തമാക്കിയിട്ടുള്ള കാര്യം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറെയും, കൊല്ലം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറെയും, പൊതുവിദ്യാഭ്യാസ ഡയറക്ടറെയും രേഖാമൂലം അറിയിക്കുകയും 05/03/2018-ലെ J3/182/2017/GEDN നമ്പർ നിർദ്ദേശം ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറും കൊല്ലം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറും 05/03/2018-ലെ സർക്കാർ നിർദ്ദേശം നടപ്പാക്കാൻ തയ്യാറാകാതിരുന്നതുകൊണ്ട് അക്കാര്യം വിദ്യാഭ്യാസ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഉണ്ടായി.

01/07/2015 മുതൽ 30/06/2020 AN വരെ ആദ്യ നിയമനം നൽകിയിരുന്നത് പരിഗണിച്ച് 2020 ഏപ്രിൽ മാസത്തെയും 2020 മെയ് മാസത്തെയും ശമ്പളം വിതരണം ചെയ്തിരുന്നു എങ്കിലും 2020 ജൂൺ മാസത്തെ ശമ്പളം വിതരണം ചെയ്തിരുന്നില്ല. അങ്ങനെ ജൂൺ 2020-ലെ ശമ്പളം വിതരണം ചെയ്യാതിരുന്നത് 01/07/2015 മുതൽ

30/06/2020 വരെയുള്ള കാലയളവിലെ ഫാദർ.ബിജു വർഗീസ് എന്ന മലയാളം എച്ച്.എസ്സ്.ടി.യുടെ നിയമനം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ചട്ടവിരുദ്ധമായി 31/03/2020 AN വരെ പരിമിതപ്പെടുത്തിയത് കൊണ്ടായിരുന്നു. 01/07/2015 മുതൽ 30/06/2020 വരെയുള്ള വ്യവസ്ഥാപിത ഒഴിവിലെ അംഗീകാരം 31/03/2020 AN വരെ പരിമിതപ്പെടുത്താൻ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് യാതൊരു അധികാരവും ഇല്ലായിരുന്നു. ഒരു തസ്തിക നിയമപ്രകാരം സൃഷ്ടിച്ചാൽ അത് പ്രസ്തുത അധ്യയന വർഷം ജൂലൈ 15 മുതൽ അടുത്ത അധ്യയന വർഷം ജൂലൈ 14 വരെ തുടരും. ഇക്കാര്യം KER ചാപ്റ്റർ XXIII Rule 12-ൽ നിന്നു വ്യക്തമാകുന്നുണ്ട്.

കേരള വിദ്യാഭ്യാസ ചട്ടം റൂൾ 51A അധ്യായം XIV എ പ്രകാരം ഒരു അധ്യായന വർഷത്തിൽ അധികം അവധി ഒഴിവിൽ ജോലി ചെയ്തു കഴിഞ്ഞാൽ റൂൾ 51 A-യുടെ അവകാശം ആർജിതമാകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് റൂൾ 51 A-യുടെ ആദ്യ പ്രൊവൈസോയിൽ നിന്ന് വ്യക്തമാണ്. ഈ കേസിൽ എച്ച്.എസ്.ടി മലയാളം അധ്യാപകനായ ഫാദർ.ബിജു വർഗീസിന് 01/07/2015 മുതൽ 30/06/2020 വരെ വ്യവസ്ഥാപിതമായ ഒഴിവിൽ നിയമനം നൽകുകയും അത് 30/06/2020 AN വരെ അംഗീകരിക്കേണ്ടതിന് പകരം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ 31/03/2020 AN വരെ നിയമവിരുദ്ധമായാണ് പരിമിതപ്പെടുത്തിയത്. എങ്കിൽപോലും 2019-2020 അധ്യയന വർഷത്തിൽ മാത്രം എച്ച്.എസ്.ടി മലയാളം അധ്യാപകനായ ഫാദർ.ബിജു വർഗീസിന് പത്തു മാസത്തെ അംഗീകൃത സർവീസ് ഉണ്ടായിരുന്നു. ഇത് 01/07/2015 മുതൽ ഉണ്ടായിരുന്ന ടിയാന്റെ അംഗീകൃത സർവീസിന്റെ തുടർച്ചയാണ്. അവധിക്കാല ശമ്പളം നൽകുന്നത് സംബന്ധിച്ച് കെ.ഇ.ആർ. അധ്യായം XIV A റൂൾ 49 താഴെ പറയും പ്രകാരം വ്യക്തമാക്കുന്നു.

Rule 49 chapter XIV A KER “Qualified teachers except Headmasters appointed in vacancies which are not permanent which extend over the summer vacation and who continue in such vacancies till the closing date shall be retained in the vacancies during the vacation, if their continuous service as on the closing day is not less than eight months. The teachers so retained shall be entitled to the vacation salary. These teachers shall be relieved on

the closing day if their continuous service as on that day is less than the aforesaid period. This rule shall not apply to teacher appointed in training vacancies.”

ഇതാണ് KERപ്രകാരമുള്ള ചട്ടം. ഈ സ്റ്റാറ്റ്യൂട്ടറി ചട്ടമാണ് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ലംഘിച്ചിരിക്കുന്നത്. കെ.ഇ.ആർ. അധ്യായം XIV A റൂൾ 49 വ്യക്തമാക്കി കൊണ്ടാണ് സർക്കാർ നമ്പർ J3/182/2017/GEDN എന്ന 05/03/2018-ലെ നിർദ്ദേശം പുറപ്പെടുവിച്ചത്. ഇത്തരം കേസുകൾ അപ്പലേറ്റ് / റിവിഷനൽ ഉത്തരവ് കൂടാതെ പുനഃപരിശോധിക്കുവാനും ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് പോതുവിദ്യഭ്യാസ ഡയറക്ടർ നിർദേശം നൽകിയിരുന്നു. 2020 ഏപ്രിൽ-മെയ് മാസങ്ങളിലെ അവധിക്കാല ശമ്പളം കെ.ഇ.ആർ. അധ്യായം IX A Rule 49 പ്രകാരം ഫാദർ.ബിജു വർഗീസിന് മാറി നൽകുകയും പിന്നീട് അത് തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഹർജി കക്ഷികൾ യഥാർത്ഥത്തിൽ 2020 ജൂൺ മാസത്തെ ശമ്പളം കൂടി നൽകേണ്ടതാണെന്നും മുകളിൽ പരാമർശിച്ച ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അവധിക്കാല ശമ്പളം മടക്കി നൽകേണ്ടതില്ലെന്നും ചട്ടങ്ങൾ ഉദ്ധരിച്ച് വിദ്യാഭ്യാസ അധികാരികൾക്ക് മറുപടി നൽകി. അതുകൂടാതെ, ഇക്കാര്യത്തിൽ സർക്കാർ പുറപ്പെടുവിച്ച 5/03/2018-ലെ കത്ത് നമ്പർ J3/182/2017/GEDN എന്ന clarification-ഉം വിദ്യാഭ്യാസ അധികാരികൾക്ക് നൽകുകയുണ്ടായി. അങ്ങനെയിരിക്കെ, 01/07/2015 മുതൽ 30/06/2020 വരെ ദീർഘകാല അവധിലായിരുന്ന ശ്രീമതി.ലിബി ജി. ലാൽ എന്ന ഹൈസ്കൂൾ വിഭാഗം മലയാളം അധ്യാപിക അവരുടെ ദീർഘകാല അവധി 01/07/2020 മുതൽ 30/06/2025 AN വരെ ദീർഘിപ്പിക്കുകയും പൊതുവിദ്യാഭ്യാസ ഡയറക്ടർ 18/05/2020-ലെ നടപടി ഉത്തരവ് നമ്പർ ET-1/4258/2020/DGE പ്രകാരം പ്രസ്തുത അവധി അനുവദിച്ചു നൽകുകയും ചെയ്തു.

01/07/2020 മുതൽ 30/06/2025 AN വരെ ശ്രീമതി.ലിബി ജി. ലാലിന്റെ ദീർഘിപ്പിച്ച ദീർഘകാല അവധി ഒഴിവിൽ ഫാദർ.ബിജു വർഗീസിനെ എച്ച്.എസ്.ടി മലയാളമായി 01/07/2020 മുതൽ 30/06/2020 AN വരെ നൽകിയ നിയമനത്തിന് തുടർച്ചയായി 01/07/2015 മുതൽ 30/06/2025 AN വരെ തുടരാൻ അനുവദിക്കുകയും നിയമനാധികാരിയായ മാനേജർ ഉത്തരവ് നൽകുകയും ചെയ്തു. എന്നാൽ മാനേജരെ ധിക്കരിച്ച് മാത്രം ശീലമുള്ള പ്രധാന അധ്യാപികയായിരുന്ന ശ്രീമതി.ബെസ്സി ജോർജ് എൻ.

01/07/2020 തീയതി വച്ചുള്ള ജോയിനിങ് റിപ്പോർട്ട് നൽകാതെ ഇരുന്നതുമൂലം ദീർഘകാല അവധി ദീർഘിപ്പിച്ച ഒഴിവിൽ ജോയിനിങ്ങ് റിപ്പോർട്ട് നൽകാൻ കാലതാമസം ഉണ്ടായി. സ്കൂൾ ഹെഡ്മിസ്ട്രസിന്റെ പ്രവർത്തനം എല്ലാ നിയമങ്ങളും ചട്ടങ്ങളും ലംഘിച്ചുള്ളവ ആയതുകൊണ്ട് അവരെ മാനേജർ സസ്പെൻഡ് ചെയ്യുകയും പതിനാറ് മാസങ്ങൾ അവർക്ക് സസ്പെൻഷനിൽ തുടരേണ്ടി വരികയും ഉണ്ടായി. വേലവിലക്ക് മാറ്റി സർവീസിൽ പുനഃപ്രവേശിച്ച എങ്കിലും അവരുടെ അച്ചടക്കനടപടി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ശ്രീമതി.ബെസ്സി ജോർജ് എൻ. എന്ന പ്രധാനാധ്യാപികയുടെ വേലവിലക്കിന് ശേഷം ചുമതലയേറ്റ ടീച്ചർ ഇൻ ചാർജ് ആണ് ഫാദർ.ബിജു വർഗീസിന് ജോയിനിങ് റിപ്പോർട്ട് 02/07/2020 വെച്ച് രേഖകളുടെ അടിസ്ഥാനത്തിൽ നൽകിയത്. അവയൊന്നും പരിഗണിക്കാതെയാണ് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറും 01/07/2020 മുതൽ 30/06/2025 AN വരെയുള്ള റൂൾ 51 A അവകാശിയായ ഫാദർ.ബിജു വർഗീസിന്റെ തുടർ നിയമന അംഗീകാരം നിയമവിരുദ്ധമായി നിഷേധിച്ചത്.

അതിനെ തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കെ.ഇ.ആർ. അധ്യായം XIV A റൂൾ 8 4 പ്രകാരം സ്കൂൾ മാനേജർ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്യുകയും പ്രസ്തുത റിവിഷൻ പെറ്റീഷൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്റ്റാറ്റ്യൂട്ടറി ചട്ടപ്രകാരം തീരുമാനിക്കുന്നതിന് പകരം യാതൊരു സ്റ്റാറ്റ്യൂട്ടറി അധികാരവും ഇല്ലാത്ത പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ, കോവിഡ് 1 9 മൂലം ഉണ്ടായ കൊറോണ രോഗസാഹചര്യം കാണിച്ചുകൊണ്ട് പുതിയ നിയമനങ്ങൾ പാടില്ല എന്ന അർത്ഥത്തിൽ ഫാദർ. ബിജു വർഗീസിന്റെ തുടർനിയമന അംഗീകാരം GO(Ms)No.28/2021/G.EDN. തീയതി 22/01/2021 ദുർവ്യാഖ്യാനം ചെയ്ത് നിഷേധിക്കുകയാണ് ചെയ്തത്. പ്രസ്തുത പ്രൊസീഡിങ് ഓർഡർ നമ്പർ ET1/239065/2023 തീയതി 10/10/2023 എന്ന ഉത്തരവിന് യാതൊരു നിലനിൽപ്പും ആധികാരികതയും ഇല്ലെന്ന് വ്യക്തമാക്കികൊണ്ടാണ് കെ.ഈ.ആർ അധ്യായം XIV A റൂൾ 92 പ്രകാരം ബഹുമാനപ്പെട്ട കേരള സർക്കാരിലെ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ റിവിഷൻ ഹർജി ഫയൽ ചെയ്തത്.

താഴെപ്പറയുന്ന കാരണങ്ങളാൽ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ

10/10/2023-ലെ ഉത്തരവിന് നിലനിൽപ്പില്ലാത്തതിനാൽ മുതപിലാക്കാട് ഡോക്ടർ.സി.ടി.ഈപ്പൻ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ മലയാളം അധ്യാപകനായ ഫാദർ.ബിജു വർഗീസിന് 01/07/2015 മുതൽ 30/06/2020 വരെ നൽകിയ നിയമനത്തിന്റെ തുടർച്ചയായി 01/07/2020 മുതൽ 30/06/2025 AN വരെ തുടർനിയമനം അംഗീകരിച്ച് ഉത്തരവ് ഉണ്ടാകണമെന്നും 2020 ജൂൺ മാസത്തിൽ ടി അധ്യാപകന്റെ നിഷേധിക്കപ്പെട്ട ശമ്പളം നൽകണമെന്നും സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

കാരണങ്ങൾ

1. ഫാദർ.ബിജു വർഗീസിന്റെ എച്ച്.എസ്.ടി മലയാളമായുള്ള നിയമനം 01/07/2015 മുതൽ 30/06/2020 AN വരെ വ്യവസ്ഥാപിതമായ ദീർഘകാല ഒഴിവിൽ നടത്തുകയും അത് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ 31/03/2020 AN വരെ പരിമിതപ്പെടുത്തി അംഗീകാരം നൽകുകയും ചെയ്തത് ടി അധ്യാപകന്റെ അർഹതപ്പെട്ട 2020 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ അവധി ശമ്പളം ഉൾപ്പെടെ നിയമവിരുദ്ധമായി തടയുന്നതിന് വേണ്ടിയായിരുന്നു. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ കെ.ഇ.ആർ അധ്യായം XIVറൂൾ 49 എന്ന ചട്ടവും സർക്കാർ 05/03/2018-ൽ അവധിക്കാല ശമ്പളത്തെ സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കാർ കത്തിലെ J3/182/2017 G.Edn നിർദേശം ലംഘിക്കുകയും ചെയ്തു. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തിയ മുകളിൽ പരാമർശിച്ച ചട്ടലംഘനം കണക്കിലെടുത്ത് 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ ഫാദർ.ബിജു വർഗീസ് ഹൈസ്കൂൾ വിഭാഗം മലയാള അധ്യാപകന് നൽകേണ്ട അവധിക്കാല ശമ്പളം ക്രമപ്പെടുത്തുകയും 2020 ജൂൺ മാസത്തെ തടഞ്ഞുവച്ച ശമ്പളം ഉടനടി നൽകാൻ നിർദ്ദേശിക്കുകയും ചെയ്യണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

നിയമനാധികാരിയായ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കാണ് റൂൾ 8A അധ്യായം XIV A പ്രകാരം റിവിഷൻ ഹർജി നൽകിയത്. അതായത്, റൂൾ 8A അധ്യായം XIV A പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ആണ് ഹർജി പരിഗണിക്കേണ്ടിയിരുന്നത്. കാരണം G.O.(P) 6/20219/GEDN 30/06/2019 എന്ന കെ.ഇ.ആർ ഭേദഗതി പ്രകാരം അതായത്, കെ.ഇ.ആർ അധ്യായം 1 റൂൾ 2 (4)

പ്രകാരം ഡയറക്ടർ എന്നാൽ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്നാകുന്നു എന്ന ഈ കെ.ഇ.ആർ ഭേദഗതിക്ക് 31/05/2019 മുതൽ മുൻകാല പ്രാബല്യം ഉണ്ട്. കെ.ഇ.ആർ അധ്യായം 1 റൂൾ 2(4) പ്രകാരം ഡയറക്ടർ എന്നാൽ അഡീഷണൽ ഡയറക്ടർ കൂടി ഉൾപ്പെടുന്നു എന്ന് ചട്ടത്തിൽ വ്യവസ്ഥയില്ലാത്തിടത്തോളം കെ.ഇ.ആർ റൂൾ 8A അധ്യായം XIV A പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി അധികാരം വിദ്യാഭ്യാസ ഡയറക്ടർക്ക് മാത്രമേ വിനിയോഗിക്കാൻ കഴിയൂ. പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സ്റ്റാറ്റ്യൂട്ടറിയായി നൽകിയിട്ടുള്ള അധികാരം അദ്ദേഹത്തിന്റെ റാങ്കിൽ താഴെയുള്ള ഉദ്യോഗസ്ഥന് റീഡെലിഗേറ്റ് ചെയ്യാൻ നിയമം അനുവദിക്കുന്നില്ല. (The Basic Law on the delegation of power is, "Delegatus Potestas Non Potest Delegarie") ഡെലിഗേറ്റ് ചെയ്തിട്ടുള്ള ഒരു അധികാരം, ഒരു അധികാരി തന്റെ താഴെയുള്ള മറ്റൊരു അധികാരിക്ക് re-delegate ചെയ്യാൻ പാടില്ലാത്തതാകുന്നു എന്നാണതിന്റെ അർത്ഥം. അതുകൊണ്ടു തന്നെ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ് നമ്പർ ET-1/239065/2023 തീയതി 10/10/2023-ന് യാതൊരു നിയമസാധുതയുമില്ല. നിയമവിരുദ്ധമായ പ്രസ്തുത ഉത്തരവ് ഉടനടി റദ്ദാക്കേണ്ടതാണ്.

2. ഫാദർ ബിജു വർഗ്ഗീസിന്, എച്ച്.എസ്.ടി. മലയാളം ആയി ശ്രീമതി.ലിബി ജി.ലാൽ ദീർഘകാലം അവധി എടുത്ത ഒഴിവിൽ 01/07/2015 മുതൽ 30/07/2020 വരെ നൽകിയ നിയമനം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടിയാരിയുടെ 08/08/2016-ലെ ഉത്തരവ് നമ്പർ ബി6/3046/2015 പ്രകാരം അംഗീകരിച്ച് നൽകി. അതോടുകൂടി ഫാദർ.ബിജു വർഗ്ഗീസ് മലയാളം HST തസ്തികയിൽ മാനേജ്മെന്റിനു കീഴിൽ കെ.ഇ.ആർ. അധ്യായം XIV A റൂൾ 51A അവകാശിയായി മാറി. 01/07/2015 മുതലുള്ള ഫാദർ.ബിജു വർഗ്ഗീസിന്റെ നിയമന അംഗീകാരം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ 31/03/2020 AN വരെ പരിമിതപ്പെടുത്തിയത് കെ.ഇ.ആർ. അധ്യായം X I V A റൂൾ 49-ന് വിരുദ്ധവും സർക്കാരിന്റെ 05/03/2018-ലെ J3/182/2017/GEDN എന്ന ഉത്തരവിന്റെ ലംഘനവും ആണ്. അതുകൊണ്ട് ഫാദർ.ബിജു വർഗീസിന്റെ എച്ച്.എസ്സ്.ടി. മലയാളം ആയുള്ള 01/07/2015 മുതലുള്ള നിയമനം 31/03/2020 AN-ൽ നിയമവിരുദ്ധമായി കൊട്ടരക്കര DEO പരിമിതപ്പെടുത്തിയത് 30/06/2020 AN എന്ന് ആദ്യം തന്നെ ക്രമപ്പെടുത്തേണ്ടതാണ്. അതിനുശേഷം ശ്രീമതി.ലിബി ജി. ലാൽ എന്ന മലയാളം എച്ച്.എസ്.ടി. അവരുടെ

ദീർഘകാല അവധി 01/07/2020 മുതൽ 30/06/2025 AN വരെ ദീർഘിപ്പിച്ച ഒഴിവിൽ 01/07/2020 മുതൽ 30/06/2025 AN വരെ മാനേജ്മെന്റിൽ എച്ച്.എസ്.ടി മലയാളത്തിൽ 51 A അവകാശിയായ ഫാദർ.ബിജു വർഗീസിന്റെ HST (മലയാളം) ആയുള്ള നിയമനം 01/07/2020 മുതൽ 30/6/2025 AN വരെ അംഗീകരിക്കണമെന്ന് സർക്കാരിനോട് സവിനയം അപേക്ഷിക്കുന്നു.

3. G.O.(Ms)No.28/2021/GEDN തീയതി 22/01/2021 ഒറ്റവായനയിൽ നിന്ന് തന്നെ കോവിഡ് 1 9 മൂലം ഉണ്ടായ കൊറോണ രോഗകാലത്ത് സ്കൂളുകളിൽ പുതിയ നിയമനങ്ങൾ നടത്താൻ പാടില്ല എന്നാണ് സർക്കാർ നിർദ്ദേശിച്ചത് എന്ന് വ്യക്തമാകുന്നു. എന്നാൽ ഈ കേസിൽ കെ.ഇ.ആർ. അധ്യായം XIV A റൂൾ 51A അവകാശിയായ ഫാദർ.ബിജു വർഗീസിനെ അദ്ദേഹം 01/07/2015 മുതൽ 30/06/2020 AN വരെ അംഗീകാരത്തോടെ തുടർന്നുവന്ന ഒഴിവിലാണ് 01/07/2020 മുതൽ അവധിയെടുത്ത അദ്ധ്യാപിക അവധി വീണ്ടും ദീർഘിപ്പിച്ചത് മൂലം 30/06/2025 AN വരെ തുടരാൻ അനുവദിച്ചത്. 01/07/2015 മുതലുള്ള നിയമനം നിലവിലുണ്ടായിരുന്ന തസ്തികയിൽ ജോലി ചെയ്തിരുന്ന മലയാളം എച്ച്.എസ്.ടി.യായ ലിബി ജി.ലാൽ 01/07/2015 മുതൽ 30/06/2020 വരെയും പിന്നീട് 01/07/2020 മുതൽ 30/06/2025 AN വരെയും അനുവദിക്കപ്പെട്ട അവധിയിൽ തുടർന്നതിനാൽ ഉണ്ടായതാണ്. അല്ലാതെ, 2020-2021 അധ്യയന വർഷം ഉണ്ടായ ഒരു പുതിയ ഒഴിവല്ല, അത് 2020-2021-ൽ ഉണ്ടായ പുതിയ തസ്തികയുമല്ല. G.O.(Ms)No. 28/2021/GEDN തീയതി 22/08/2021 ഒന്ന് വായിച്ചു നോക്കിയാൽ തന്നെ കോവിഡ് പശ്ചാത്തലത്തിൽ 2020-21 അധ്യായന വർഷം സ്കൂളുകൾ തുറക്കാത്ത സാഹചര്യത്തിൽ 2019-20 വർഷത്തെ തസ്തിക നിർണയം തന്നെ 2020-21 അധ്യയന വർഷത്തേക്ക് കൂടി ബാധകമാക്കി ഉത്തരവായതായി കാണാം. സ്കൂൾ തുറക്കാത്ത സാഹചര്യത്തിൽ 2020-21 അധ്യയന വർഷം ഉണ്ടായ അനധ്യാപകരുടേയും പ്രധാന അധ്യാപകരുടെയും ഒഴിവുകൾ ഒഴികെ, നികത്താതെ തുടരേണ്ടതാണ് എന്നാണ് 27/08/2021-ലെ സർക്കാർ ഉത്തരവിൽ പറയുന്നത്. ഇവിടെ 01/07/2015 മുതൽ ഫാദർ.ബിജു വർഗീസിനെ നിയമിച്ചത് മലയാളം അധ്യാപികയായ ലിബി ജി. ലാൽ 01/07/2015 മുതൽ 30/06/2025 വരെ അവധിയെടുത്ത ഒഴിവിലാണ്. ഫാദർ.ബിജു വർഗീസിന് നിയമനം നൽകിയതും ടി അധ്യാപകൻ ജോലി ചെയ്തതും 01/07/2015 മുതൽ 30/06/2020 വരെയും അനുവദിക്കപ്പെട്ട തസ്തികയിലെ മലയാളം അധ്യാപികയായ ലിബി

ജി.ലാൽ 01/07/2015 മുതൽ 30/06/2020 വരെയും അതിനെ തുടർന്ന് വീണ്ടും 01/07/2020 മുതൽ 30/06/2025 AN വരെ ദീർഘകാലം അവധി എടുത്തതിനാൽ ഉണ്ടായ ഒഴിവിലാണ്. 01/07/2020 മുതൽ 30/06/2025 AN വരെ ഫാദർ.ബിജ്ജു വർഗീസിന് വീണ്ടും നിയമനം നൽകുകയും അംഗീകാരം ആവശ്യപ്പെട്ടുകയും ചെയ്തത്. ഫാദർ.ബിജ്ജു വർഗ്ഗീസ് എച്ച്.എസ്സ്.ടി. മലയാളമായി ജോലി ചെയ്തു വരുന്ന തസ്തിക 2020-21 വർഷം ഉണ്ടായ പുതിയ തസ്തികയല്ല, മറിച്ച് വർഷങ്ങളായി സ്കൂളിൽ നിലനിൽക്കുന്ന എച്ച്.എസ്.ടി. മലയാളം തസ്തികയിലെ മലയാളം അധ്യാപിക 01/07/2015 മുതൽ 30/06/2025 വരെ നീണ്ട അവധിയിൽ പ്രവേശിച്ച ഒഴിവിലാണ് ഫാദർ.ബിജ്ജു വർഗ്ഗീസ് ജോലി ചെയ്തുവരുന്നത്. 2019-20 അധ്യയന വർഷം ഉണ്ടായ അധ്യാപക തസ്തിക തുടരാനാണ് G.O.(Ms) 28/2021/GEDN തീയതി 22/01/2021 പ്രകാരം സർക്കാർ നിർദ്ദേശിച്ചത്. പ്രസ്തുത നിർദ്ദേശം ഫാദർ ബിജ്ജു വർഗീസിന്റെ 01/07/2015 മുതൽ 30/06/2025 വരെയുള്ള നിയമനത്തിനു ഒരു കാരണവശാലും ബാധകമാക്കാൻ കഴിയില്ല. അതുകൊണ്ട് പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ ഫാദർ.ബിജ്ജു വർഗീസിന്റെ എച്ച്.എസ്.ടി. മലയാളം ആയുള്ള തുടർ നിയമനംഗീകാരം 01/07/2020 മുതൽ നിഷേധിച്ച നടപടി അങ്ങേയറ്റം നിയമവിരുദ്ധവും GO(Ms)No.28/2021/G.Edn തീയതി 22/01/2021-ന്റെ നഗ്നമായ ദുർവ്യാഖ്യാനവുമാണ്.

മേൽ സാഹചര്യത്തിൽ ബഹുമാനപ്പെട്ട സർക്കാരിനോട് ഫാദർ.ബിജ്ജു വർഗീസിനെ എച്ച്.എസ്.ടി. മലയാളമായുള്ള 01/07/2015 മുതൽ 30/06/2020 വരെയുള്ള ആദ്യത്തെ നിയമനം 31/03/2020 വരെ പരിമിതപ്പെടുത്തിയ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി കെ.ഇ.ആർ. അധ്യായം XIV A റൂൾ 49-നും, സർ ക്കാരിന്റെ 05/03/2018-ലെ നമ്പർ J3/182/2017/GEDN ഉത്തരവിനും വിരുദ്ധമായതിനാൽ പ്രസ്തുത നിയമനം 30/06/2020 വരെ ക്രമപ്പെടുത്തിയ ശേഷം 01/07/2020 മുതൽ 30/06/2025 വരെ എച്ച്.എസ്.ടി. മലയാളം അധ്യാപികയായ ലിബി ജി.ലാൽ-ന് ദീർഘകാല അവധി വീണ്ടും അനുവദിച്ച സാഹചര്യത്തിലും GO(Ms) No.28/2021/G.EDN. dtd 22/01/2021-ൽ 2020-21 വർഷം പുതിയ തസ്തിക അനുവദിക്കരുത് എന്ന് മാത്രം നിഷ്കർഷിക്കുന്നതിനാലും ഫാദർ.ബിജ്ജു വർഗീസിന്റെ എച്ച്.എസ്.ടി മലയാളമായുള്ള 01/07/2020 മുതൽ 30/06/2025 AN വരെയുള്ള

വ്യവസ്ഥാപിതമായ അവധി ഒഴിവിൽ നിയമന അംഗീകാരം നൽകി ഉത്തരവാകണമെന്ന് സവിനയം സർക്കാരിനോട് അപേക്ഷിക്കുന്നു."

**3) വിദ്യാഭ്യാസ ഓഫീസർമാർ ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു:**

"ശാസ്താംകോട്ട ഡോ.സി.റ്റി.ഇ.എം.ആർ.എച്ച്.എസ്.ലെ എച്ച്.എസ്.റ്റി.(മലയാളം) ആയ ശ്രീമതി.ലിബി ജി.ലാൽ-ന്റെ 01/07/2020 മുതൽ 30/06/2025 വരെയുള്ള ശൂന്യവേതനാവധി ഒഴിവിൽ ശ്രീ.ബിജു വർഗീസിനെ 01/07/2020 മുതൽ 30/06/2025 വരെ എച്ച്.എസ്.റ്റി (മലയാളം) തസ്തികയിൽ മാനേജർ നിയമിച്ചു.

01/07/2020-ലെ നിയമന പ്രൊപ്പോസൽ 6 0 2 ദിവസം വൈകി 09/03/2022-ലാണ് സമർപ്പിച്ചിരുന്നത്. നിയമനാംഗീകാര പ്രൊപ്പോസലിനൊപ്പം സമർപ്പിച്ചിരുന്ന പ്രവേശന റിപ്പോർട്ടിൽ ടിയാൻ 21/02/2022-ന് ജോലിയിൽ പ്രവേശിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മേൽ സാഹചര്യത്തിലാണ് ശ്രീ.ബിജു വർഗീസിന്റെ നിയമനാംഗീകാര പ്രൊപ്പോസൽ നിരസിച്ചത്. അതിനെതിരെ മാനേജർ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ മുൻപാകെ സമർപ്പിച്ച അപ്പീൽ 10.01.2023-ലെ ബി3/217737/2022 ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു. അതിനെതിരെ സമർപ്പിച്ച റിവിഷൻ ഹർജിയും പൊതുവിദ്യാഭ്യാസ അഡീഷണൽ (ജനറൽ) ഡയറക്ടറുടെ 10.10.2023-ലെ ഇ.റ്റി.1/239065/2023 ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു.

ശ്രീമതി.ലിബി ജി.ലാൽ-ന്റെ 01/07/2015 മുതൽ 30/06/2020 വരെയുള്ള ശൂന്യവേതനാവധി ഒഴിവിലെ ശ്രീ.ബിജു വർഗീസിന്റെ നിയമനം 01/07/2015 മുതൽ 31/03/2020 വരെ അംഗീകരിച്ചിരുന്നു. ടി നിയമനം 30/06/2020 വരെ അംഗീകരിക്കുന്നതിലേക്കായി മാനേജർ നൽകിയിരുന്ന അപ്പീലിന്മേൽ ശ്രീ.ബിജു വർഗീസിന് നിയമനാംഗീകാരമില്ലാതിരുന്ന കാലയളവിൽ ശമ്പളം മാറി നൽകിയതിനാൽ അധികമായി കൈപ്പറ്റിയ ശമ്പളം തിരിച്ചടക്കുന്നതിന് 25/10/2022-ലെ ഇറ്റി1/5151/2021/ഡി.ജി.ഇ നമ്പർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദേശം നൽകിയിരുന്നു. അധികമായി കൈപ്പറ്റിയ തുക നാളിതുവരെ തിരിച്ചടച്ചിട്ടില്ല.

2019-20, 2022-23 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവുകൾ പ്രകാരം ടി സ്കൂളിൽ 2 എച്ച്.എസ്.റ്റി (മലയാളം) തസ്തികകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ

22/01/2021-ലെ സ.ഉ.(എം.എസ്) നം.28/2021/പൊ.വി.വ പ്രകാരം 2020-21 വർഷം ഉണ്ടായ അധ്യാപക ഒഴിവുകൾ നികത്താതെ തുടരേണ്ടതാണ് എന്ന് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ അധ്യാപക തസ്തികകളിലെ ഒഴിവുകളിലേക്കുള്ള ചട്ടം 43, 51എ അവകാശികൾക്ക് 2020-21 വർഷത്തെ നിയമനാംഗീകാരത്തിന് അനുമതി നൽകിയിരുന്നില്ല. മേൽ സാഹചര്യത്തിൽ, ശാസ്താംകോട്ട ഡോ.സി.റ്റി.ഇ.എം.ആർ.എച്ച്.എസ്.ലെ എച്ച്.എസ്.റ്റി.(മലയാളം) തസ്തികയിലെ 01/07/2020 മുതൽ 30/06/2025 വരെയുള്ള ശൂന്യവേതനാവധി ഒഴിവിലെ ശ്രീ.ബിജു വർഗീസിന്റെ നിയമനം അംഗീകരിക്കണമെന്ന റിവിഷൻ ഹർജി പരിഗണനാർഹമല്ല."

**4)** സർക്കാർ ഇക്കാര്യം ഹർജിക്കാരുടെ വാദങ്ങളുടെയും സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും സർക്കാർ ഉത്തരവുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഫാ.ബിജുവർഗ്ഗീസിന്റെ 01.07.2015 മുതൽ 30.06.2020 വരെയുള്ള ശൂന്യവേതന അവധി ഒഴിവിലെ നിയമനം 31.03.2020 വരെയായി കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിമിതപ്പെടുത്തിയത് 30.06.2020 വരെയായി ക്രമപ്പെടുത്തണമെന്നും; 01.07.2020 മുതൽ 30.06.2025 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ചിട്ടുള്ള ടി ഒഴിവിൽ നിയമനാംഗീകാരം നൽകണമെന്നുമാണ് ഹർജിയിൽ ആവശ്യപ്പെട്ടിട്ടുള്ളത്. ടി വിഷയത്തിൽ താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു :

(1) ടി സ്കൂളിലെ എച്ച്.എസ്.ടി. (മലയാളം) ശ്രീമതി.ലിബി ജി.ലാൽ 01.07.2015 മുതൽ 30.06.2020 വരെ ശൂന്യവേതനാവധി എടുത്ത ഒഴിവിൽ നിയമിക്കപ്പെട്ട ഫാ.ബിജു വർഗ്ഗീസിന് 01.07.2015 മുതൽ 31.03.2020 വരെ പരിമിതപ്പെടുത്തി കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാരം നൽകിയിട്ടുണ്ട്.

(2) നിയമനാംഗീകാരമില്ലാതിരുന്ന കാലയളവിൽ ടിയാൻ ശമ്പളം കൈപ്പറ്റുകയും, അധികമായി കൈപ്പറ്റിയ ശമ്പളം തിരിച്ചടയ്ക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

(3) KER അധ്യായം XIV A Rule 49 പ്രകാരവും സർക്കാർ കത്ത് നം. J3/182/2017/GEDN dated 05.03.2018 പ്രകാരവും ഫാ.ബിജു വർഗ്ഗീസിന്

30.06.2020 വരെ നിയമനാംഗീകാരവും ശമ്പളാനുകൂല്യങ്ങളും ലഭിക്കുവാൻ അർഹതയുണ്ടെന്നും; ഏപ്രിൽ, മെയ് മാസങ്ങളിലെ ശമ്പളം മാത്രമേ നിലവിൽ ലഭിച്ചിട്ടുള്ളൂവെന്നും ഹർജിക്കാർ അറിയിക്കുന്നു.

(4) ശ്രീമതി.ലിബി ജി.ലാൽ തന്റെ ശൂന്യവേതനാവധി 01.07.2020 മുതൽ 30.06.2025 വരെ ദീർഘിപ്പിച്ചതിനാൽ ഫാ.ബിജു വർഗ്ഗീസിന് ടി തസ്തികയിൽ 01.07.2020 മുതൽ തുടരാൻ മാനേജർ അനുവദിക്കുകയും ഉത്തരവ് നൽകുകയും ചെയ്തു.

(5) പ്രധാനാദ്ധ്യാപികയായ ശ്രീമതി.ബെസ്സി ജോർജ്ജ് എൻ., ഫാ.ബിജു വർഗ്ഗീസിന് 01.07.2020 തീയതി പ്രകാരം ജോയിനിംഗ് റിപ്പോർട്ട് നൽകാതിരുന്നതിനാലാണ് പ്രൊപ്പോസൽ സമർപ്പിക്കുവാൻ വൈകിയതെന്നും; ശ്രീമതി.ബെസ്സി ജോർജ്ജ് സസ്പെൻഷനിലായതിനെ തുടർന്ന് ചുമതലയേറ്റ ടീച്ചർ-ഇൻ-ചാർജ്ജ് ഫാ.ബിജു വർഗ്ഗീസിന് ജോയിനിംഗ് റിപ്പോർട്ട് നൽകിയതിനെ തുടർന്നാണ് പ്രൊപ്പോസൽ സമർപ്പിച്ചതെന്നും; 51A അവകാശിയായ ഫാ.ബിജു വർഗ്ഗീസിന് 01.04.2020 മുതൽ 30.06.2020 വരെ നിയമനാംഗീകാരവും ശമ്പളാനുകൂല്യങ്ങളും നൽകണമെന്നും; 01.07.2020 മുതൽ 30.06.2025 വരെയുള്ള നിയമനവും പരിഗണിക്കണമെന്നും ഹർജിക്കാർ വാദിക്കുന്നു.

(6) കൂടാതെ, മാനേജരുടെ റിവിഷൻ പെറ്റീഷനിൽ സ്റ്റാറ്റ്യൂട്ടറി ചട്ടപ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ തീരുമാനമെടുക്കേണ്ടതിനു പകരം യാതൊരു സ്റ്റാറ്റ്യൂട്ടറി അധികാരവുമില്ലാത്ത പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറാണ് തീരുമാനം എടുത്തിട്ടുള്ളതെന്നും ഇത് അംഗീകരിക്കാനാവില്ലെന്നും, അതുകൊണ്ട് ടി റിവിഷൻ പെറ്റീഷൻ നിരസിച്ചു കൊണ്ട് ADGE പുറപ്പെടുവിച്ച 10.10.2023-ലെ ET-1/239065/2023 ഉത്തരവിന് യാതൊരു ആധികാരികതയും നിലനിൽപ്പുമില്ലെന്നും ഹർജിക്കാർ വാദിക്കുന്നു.

(7) സർക്കാർ കത്ത് നം. J3/182/2017/GEDN dated 05.03.2018-ൽ ഇപ്രകാരം പ്രതിപാദിച്ചിട്ടുണ്ട് :

“teachers appointed in permanent vacancies in aided schools shall be eligible for vacation salary irrespective of the length of service.

Rule 49, Chapter 14A KER is only applicable to the aided school teachers appointed in vacancies which are not permanent and, in such cases vacation salary shall be disbursed only If the provisions in Rule 49 are satisfied".

(8) G.O.(Ms)No.28/2021/GEDN dated 22.01.2021 പ്രകാരം, കോവിഡ് പശ്ചാത്തലത്തിൽ 2020-21 അധ്യയന വർഷം സ്കൂളുകൾ തുറക്കാത്ത സാഹചര്യത്തിൽ, 2020-21-ലെ തസ്തികനിർണ്ണയം നടത്താൻ സാധിച്ചിരുന്നില്ല എന്നതിനാൽ 2019-20 വർഷത്തെ തസ്തികനിർണ്ണയം തന്നെ 2020-21 വർഷത്തേയ്ക്ക് കൂടി ബാധകമാക്കിയും; സ്കൂൾ തുറക്കാത്ത സാഹചര്യത്തിൽ 2020-21 വർഷം ഉണ്ടായ അനധ്യാപകരുടെയും പ്രഥമാധ്യാപകരുടെയും ഒഴികെയുള്ള അദ്ധ്യാപക ഒഴിവുകൾ നികത്താതെ തുടരേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്.

**5)** ഫാ. ബിജു വർഗ്ഗീസിന്റെ നിയമനം 01.07.2015 മുതൽ 30.06.2020 വരെയും 01.07.2020 മുതൽ 30.06.2025 വരെയും നിലനിൽക്കുന്ന ശൂന്യവേതനാവധി ഒഴിവിലാണ് നടത്തിയിട്ടുള്ളത്. ആദ്യകാലയളവിലെ നിയമനം 31.03.2020 വരെ മാത്രമേ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിട്ടുള്ളൂ. രണ്ടാം നിയമനത്തിൽ, ടി സ്കൂളിന്റെ ഹെഡ്മാസ്റ്റർ ജോയിനിംഗ് റിപ്പോർട്ട് നൽകാതിരിക്കുകയും അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പിട്ടുവിക്കാതിരിക്കുകയും ചെയ്തിട്ടുണ്ടെന്നും; ടി സാഹചര്യത്തിൽ ടിയാനെ പുതിയ രജിസ്റ്ററിൽ ഒപ്പിട്ടുവിക്കേണ്ടി വന്നുവെന്നും; ടി കാരണങ്ങളാലാണ് സമന്വയയിലും നേരിട്ടും പ്രൊപ്പോസൽ സമർപ്പിക്കുവാൻ കാലതാമസം വന്നതെന്നും ഹർജിക്കാരുടെ പ്രതിനിധി ഹിയറിംഗ് വേളയിൽ അറിയിച്ചു.

**6)** ടി പ്രൊപ്പോസലിൽ സമർപ്പിച്ചിരിക്കുന്ന പ്രവേശന റിപ്പോർട്ടിൽ ടിയാൻ 21.02.2022-ന് ജോലിയിൽ പ്രവേശിപ്പിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും, സമന്വയ പോർട്ടലിലും അങ്ങനെയാണ് കാണുന്നതെന്നും; ടി പ്രൊപ്പോസൽ 602 ദിവസം വൈകി 09.03.2022-ലാണ് സമർപ്പിച്ചതെന്നും; G.O.(Ms)No. 28/2021/GEDN dated 22.01.2021 പ്രകാരം ടിയാന്റെ 01.07.2020 മുതൽ 30.06.2025 വരെയുള്ള നിയമനം അംഗീകരിക്കുവാൻ സാധിക്കില്ലെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്നു.

**7)** വ്യവസ്ഥാപിത തസ്തികയിൽ ജോലി ചെയ്തിരുന്ന അദ്ധ്യാപിക ശൂന്യവേതനാവധിയിൽ പ്രവേശിച്ച സാഹചര്യത്തിൽ കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ തടസ്സമുണ്ടാകാതിരിക്കുന്നതിനുള്ള നടപടി എന്ന നിലയിലാണ് സ്കൂൾ അധികൃതർ മറ്റു നിയമനങ്ങൾ നടത്തുന്നത്. എന്നാൽ നിയമന പ്രൊപ്പോസൽ സമർപ്പിക്കുന്നതിലും മറ്റും സാങ്കേതികപ്പിഴവുകൾ കടന്നുകൂടിയിട്ടുണ്ട് എന്നത് വാസ്തവമാണ്. ഇതിന് ഹർജിക്കാരുടെ ഭാഗത്തു നിന്നും തൃപ്തികരമായ ന്യായീകരണങ്ങൾ ലഭ്യമായിട്ടില്ല.

**8)** മേൽ സാഹചര്യത്തിൽ, ഫാ.ബിജു വർഗ്ഗീസിന്റെ നിയമനം പ്രവേശനത്തീയതിയായി രേഖപ്പെടുത്തിയിരിക്കുന്ന 22.02.2022 മുതൽ മാത്രം രണ്ടാം നിയമനം അംഗീകരിച്ചു നൽകുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കി, ഹർജിക്കാർ ഫയൽ ചെയ്ത എക്സിബിറ്റ് പി3 റിവിഷൻ ഹർജി തീർപ്പാക്കി, അപ്രകാരം കൊല്ലം ശാസ്താംകോട്ട ഡോ. സി.റ്റി.ഈപ്പൻ മെമ്മോറിയൽ റസിഡൻഷ്യൽ എച്ച്.എസ്.എസ്.ന്റെ മാനേജരും എച്ച്.എസ്.റ്റി. (മലയാളം) ഫാദർ. ബിജു വർഗ്ഗീസും ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.39357/2023-ന്റെ 27.11.2023-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, ഡോ.സി.റ്റി.ഈപ്പൻ മെമ്മോറിയൽ റസിഡൻഷ്യൽ
എച്ച്.എസ്.എസ്., ശാസ്താംകോട്ട, കൊല്ലം
ഫാദർ. ബിജു വർഗ്ഗീസ്, എച്ച്.എസ്.റ്റി. (മലയാളം),
ഡോ.സി.റ്റി.ഈപ്പൻ മെമ്മോറിയൽ റസിഡൻഷ്യൽ
എച്ച്.എസ്.എസ്., ശാസ്താംകോട്ട, കൊല്ലം
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ് (22.06.2024-ലെ GE-JA3/213
/2024-G.EDN നമ്പർ അനൗദ്യോഗിക കുറിപ്പ്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് [B2/256/2023/GEDN]

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 11-07-2024 15:10:01

സെക്ഷൻ ഓഫീസർ